# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 481      01/07/2014-ൽ മറുപടിക്ക്

## അട്ടപ്പാടി പാക്കേജിനെ സംബന്ധിച്ച എൻ.ആർ.എച്ച്.എം. ന്റെ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ :<br>ശ്രീ. ബാബു. എം. പാലിശ്ശേരി :<br>ശ്രീ. കെ.വി. വിജയദാസ് :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി പാക്കേജ് നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച സംഭവിച്ചതായ ദേശീയ ഗ്രമീണാരോഗ്യ മിഷന്റെ (എൻ.ആർ.എച്ച്.എം) സർവ്വേ റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. അട്ടപ്പാടിയിൽ പ്രഖ്യാപിക്കപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ആഭിമുഖ്യത്തിൽ സർവ്വേ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ശിശുമരണങ്ങൾ തടയുന്നതിനടക്കം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഫണ്ടുകൾ അനുവദിച്ചുവെങ്കിലും ക്രിയാത്മകമായി നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചില്ലെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ; | (ബി) | ശിശുമരണങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരുകൾ അനുവദിച്ചിട്ടുള്ള ഫണ്ടുകൾ വിനിയോഗിച്ച് ക്രിയാത്മകമായ നടപടികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പിലാക്കി വരുന്നു. നോഡൽ ഓഫീസർ ഡോ. സുബ്ബയ്യ, ഐ.എ.എസ് (റിട്ട.) മേൽ നോട്ടം വഹിക്കുന്നതോടൊപ്പം ബഹു. മുഖ്യമന്ത്രിയും. ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും, വകുപ്പ് ഉന്നതോദ്യോഗസ്ഥരും ടി പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നുണ്ട്. |
| (സി) | പോഷകാഹാര കുറവ് മൂലം നൂറുകണക്കിന് കുട്ടികൾ ഗുരുതരാവസ്ഥയിലാണെന്ന സർവ്വേ പരാമർശത്തെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കാമോ? | (സി) | 'ജാതക്-ജനനി' സോഫ്റ്റ്വെയർ ഉപയോഗിച്ച് അട്ടപ്പാടി മേഖലയിലെ 5874 കുട്ടികളുടെ ഫോട്ടോ. തൂക്കം. ഉയരം ഇവ പരിശോധിച്ച് പോഷണക്കുറവുള്ളവരെ അട്ടപ്പാടിയിലെ ന്യൂട്രിഷണൽ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രവേശിപ്പിച്ച് ആവശ്യമായ പരിചരണം നൽകി വരുന്നു. അട്ടപ്പാടിയിൽ 182 ഊരുകളിൽ 0-6 വയസ്സുവരെ പ്രായത്തിലുള്ള കുട്ടികൾക്കും കൗമാരപ്രായക്കാർക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, പ്രായമായവർക്കുമായി കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തിക്കുന്നു. ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്ററുകളിൽ പ്രവേശിപ്പിക്കേണ്ടതില്ലാത്ത കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പോഷകാഹാര പരിപാടികൾക്ക് 2014 ജൂൺ മാസം 23 ന് തുടക്കം കുറിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും ആരോഗ്യ വകുപ്പ്, NRHM, സാമൂഹ്യ നീതി വകുപ്പ് തുടങ്ങിയ വകുപ്പുകളുടേയും ജാഗ്രുകമായ ഇടപെടലിന്റെ ഫലമായി ഇപ്പോൾ ഗുരുതരമായ പോഷകാഹാരക്കുറവ് കണ്ടുവരുന്നില്ല. |

സെക്ഷൻ ഓഫീസർ